# തിരുവിതാംകൂർ ദേവസ്വം ബോർഡ്


ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസ്, ഫോർട്ട്, തിരുവനന്തപുരം – 23, ഫോ – 04712464022.


ആർ.ഒ.സി.നം.05/25/എസ്റ്റാ/ലേലം. dydcotvpmtdb@gmail.com 21/02/2025.

## ഇ – ടെൻഡർ പരസ്യം

തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷണറുടെ അധികാര പരിധിയിൽ വരുന്ന നെയ്യാറ്റിൻകര, തിരുവനന്തപുരം, ഉള്ളൂർ, വർക്കല, കൊല്ലം എന്നി ഗ്രൂപ്പുകളിൽപ്പെട്ട ദേവസ്വങ്ങളിലെ 2025–2026 സാമ്പത്തിക വർഷത്തെ (1/4/2025 മുതൽ 31/3/2026 വരെ) വിവിധ കുത്തക , കുറ്റി വെടി വയ്ക്കാനുള്ള അവകാശം, പൂജാ ദ്രവ്യ ങ്ങൾ വിൽക്കുന്നതിനുള്ള അവകാശം എന്നിവ ഇ – ടെൻഡർ വഴി ആളേർപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ളതാണ്. ഓരോ ഇനത്തിനും നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യവും, ടെൻഡറും ഓൺലൈനായി 22.02.2025 ഉച്ചയ്ക്ക് 12.30 മണി മുതൽ 28.02.2025 – ഉച്ചയ്ക്ക് 12.30 മണി വരെ സമർപ്പിയ്ക്കാവുന്നതാണ്. മിനിമം ക്വാട്ട് ചെയ്യേണ്ട തുകയേക്കാൾ കുറഞ്ഞ തുക ക്വാട്ട് ചെയ്യുവാൻ പാടുള്ളതല്ല. ലേലം നടത്തുന്ന വ്യക്തിയ്ക്ക് LE.2 ലൈസൻസും, ലേലം കൊള്ളുന്ന വ്യ ക്തിയ്ക്ക് L.E.3.b. ലൈസൻസും ഉണ്ടെങ്കിൽ മാത്രമേ കുറ്റിവെടി ലേലത്തിൽ പങ്കെടുക്കുവാൻ സാധിയ്ക്കുകയുള്ളൂ. കൂടാതെ ബോർഡുത്തരവ് പ്രകാരമുള്ള ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ കൂടി പാലിയ്ക്കേണ്ടതാണ്.

1. ടെൻഡറിൽ പങ്കെടുക്കുന്നവർ https/etenders.kerala.gov.in എന്ന ടെൻഡർ സൈറ്റ് മുഖാന്തിരം രജി സ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ – ടോക്കൻ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതാണ്. ഇ – ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
2. കുത്തക ഏറ്റെടുക്കുന്നവരിൽ നിന്നും ലേല തുക ഈടാക്കുമ്പോൾ നിയമ പ്രകാരം ഈടാക്കേണ്ട ജി.എസ്.റ്റി തുക കൂടി കുത്തകകാരിൽ നിന്നും ഈടാക്കേണ്ടതാണ്. യഥാസമയം ജി.എസ്.റ്റി പിടുത്തം വരുത്തിയതിന് ശേഷം ഇ.എം.ഡി തുക തിരികെ ലഭ്യമാക്കുന്നതിന് റിപ്പോർട്ട് ലഭ്യമാക്കാവൂ. കൂടാതെ കുത്തക സംബന്ധിച്ച് സർക്കാരിലേയ്ക്ക് ജി.എസ്.റ്റി ഉൾപ്പെടെ എന്തെങ്കിലും നികുതി ഒടുക്കേണ്ടതുള്ളപക്ഷം ആയത് കുത്തക ക്കാരൻ ടി നികുതി നേരിട്ട് ഒടുക്കുന്നതിന് ബാധ്യസ്ഥനാണ്.
3. പൂജാ ദ്രവ്യങ്ങൾ വിൽക്കുന്ന ആൾക്ക് ലൈസൻസ് ഉണ്ടായിരിക്കണം.
4. പൂജാ ദ്രവ്യങ്ങൾ പായ്ക്ക് ചെയ്യുന്നതിന് പ്ളാസ്റ്റിക് കവർ ഒഴിവാക്കണം.
5. ആഗ്മാർക്ക് അല്ലെങ്കിൽ ഐ.എസ്.ഐ മാർക്കുള്ള പൂജാ സാധനങ്ങൾ മാത്രമേ വിൽപ്പന നടത്തുവാൻ പാടു ള്ളൂ.
6. വിലവിവരപ്പട്ടിക പ്രദർശിപ്പിയ്ക്കേണ്ടതും, വിലയിൽ മാറ്റം വരുത്തുന്നപക്ഷം ദേവസ്വം അധികാരികളുടെ അനുവാദം വാങ്ങേണ്ടതുമാണ്.
7. പൂജാ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനാ വേളയിൽ തടസ്സങ്ങൾ ഉന്നയിക്കുവാൻ പാടുള്ളതല്ല.
8. പൂജാ സ്റ്റാളും പരിസരവും ലേലക്കാരന്റെ ചുമതലയിൽ ശുചിയായി സൂക്ഷിയ്ക്കേണ്ടതാണ്.

9. പൂജാ സ്റ്റാളുകൾ കുത്തക ഏറ്റെടുക്കുന്ന കരാറുകാർ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിൽക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടാൽ കരാർ റദ്ദ് ചെയ്യുന്നതിന് നിരതദ്രവ്യം കണ്ടുകെട്ടുന്നതിന് വ്യക്തമായ തുക പിഴ ചുമ ത്തുന്നതുമാണ്.

10. പൂജാസാധനങ്ങളുടെ കുത്തക ഏറ്റെടുക്കുന്ന വ്യക്തി ഒരു പൂജാസ്റ്റാൾ മാത്രമേ സ്ഥാപിയ്ക്കുവാൻ പാടു ള്ളു. അത് ദേവസ്വം ഉദ്യോഗസ്ഥർ നിർദ്ദേശിയ്ക്കുന്ന സ്ഥലത്ത് നിർദ്ദേശിയ്ക്കുന്ന രീതിയിലായിരിയ്ക്കണം.

11. പൂജാ സ്റ്റാളിന് ദേവസ്വം വക പൂജാസ്റ്റാൾ എന്ന് അല്ലാതെ മറ്റൊരു പേര് ഇടുവാൻ പാടില്ല.

12. പൂജാ സ്റ്റാളിലേയ്ക്ക് ദേവസ്വത്തിൽ നിന്നും വൈദ്യുതി ഉപയോഗിയ്ക്കുന്നപക്ഷം ആയതിന് ദേവസ്വം ഉദ്യോഗ സ്ഥർ നിർദ്ദേശിയ്ക്കുന്ന തുക സമയാസമയങ്ങളിൽ അടയ്ക്കേണ്ടതാണ്.

13. കുത്തകക്കാരന് സർക്കാരിലേയ്ക്ക് നികുതി ഇനത്തിൽ എന്തെങ്കിലും തുക അടയ്ക്കേണ്ടിവരുന്നപക്ഷം ആയത് കുത്തകക്കാരന്റെ സ്വന്തം ചെലവിൽ അടയ്ക്കേണ്ടതാണ്.

14. കുത്തകക്കാരൻ കുത്തക ആരംഭിയ്ക്കുന്നതിന് മുൻപായി മുറപ്രകാരം എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

15. വെടി കുത്തക ലേലം പിടിക്കുന്നയാൾ വെടി ഒന്നിന് എത്ര രൂപാ എന്ന വിവരം പ്രദർശിപ്പിയ്ക്കണം.

16. ടെന്ററിൽ പങ്കെടുക്കുന്നവർ 500/–രൂപ രജിസ്ട്രേഷൻ ഫീ ഓൺലൈനായി അയക്കേണ്ടതാണ്. ടി തുക
തിരികെ ലഭിയ്ക്കുന്നതല്ല. ആയതിന്റെ ജി.എസ്.ടി ടെന്ററിൽ പങ്കെടുക്കുന്നവർ ഒടുക്ക് വരുത്തേണ്ടതാണ്.
അപ്രകാരം ഹാജരാകാത്തവരേയും, നിരതദ്രവ്യം ഹാജരാക്കാത്തവരേയും സാധാരണ വ്യവസ്ഥകൾ അനുസ
രിച്ച് ടെന്ററിൽ പങ്കെടുക്കുവാൻ യോഗ്യത ഇല്ലാത്തവരേയും ടെന്ററിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
മേൽ പറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്നാലും, ടെന്ററിൽ ഏതെങ്കിലും വ്യക്തിയെ ചേർക്കുകയോ, ചേർക്കാതി
രിയ്ക്കുകയോ ചെയ്യുന്നതിന് ടെന്റർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന് പരിപൂർണ്ണ അധികാരം ഉണ്ടായിരിയ്ക്കുന്ന
താണ്. ഈ വ്യവസ്ഥകൾ നടപ്പ് കോൺട്രാക്ടർമാർക്കും ബാധകമായിരിയ്ക്കും. മുൻകുടിശ്ശികകാരേയും,
ബ്ളാക്ക് ലിസ്റ്റ് ചെയ്തവരേയും യാതൊരു കാരണവശാലും ടെന്ററിൽ പങ്കെടുപ്പിയ്ക്കുന്നതല്ല.

17. ക്ഷേത്രാചാര മര്യാദകൾക്ക് വിരുദ്ധമായ യാതൊരുവിധ പ്രവർത്തികളും ടി സ്ഥലത്ത് അനുവദിക്കുന്നതല്ല.

18. കുത്തകക്കാർ യഥാക്രമം സർക്കാർ, പഞ്ചായത്ത് നിഷ്കർഷിച്ചിരിയ്ക്കുന്ന രീതിയിൽ മാലിന്യങ്ങൾ ക്ഷേത്ര പരിസരത്ത് നിന്നും ഭക്തജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ നീക്കം ചെയ്യേണ്ടതാണ്.

19. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന എല്ലാവിധ ബാധ്യതകളും കുത്തകവ കാശകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

2025-2026 സാമ്പത്തിക വർഷത്തെ കുത്തക ലേലം പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം-5 ലക്ഷത്തിന് മുകളിൽ .

| നമ്പർ | ഗ്രൂപ്പ് | ദേവസ്വം | ഇനം | കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ലേലം പോയ ഉയർന്ന തുക | തൻവർഷത്തെ അടിസ്ഥാന ലേല തുക | ഇ.എം.ഡി തുക |
|---|---|---|---|---|---|---|
| 1 | നെയ്യാറ്റിൻകര | വെള്ളായണി | പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 777454 | 855199 | 85520 |
| 2 | | നെയ്യാറ്റിൻകര | പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 731600 | 804760 | 80500 |
| 3 | തിരുവനന്തപുരം | ശ്രീകണ്ഠേശ്വരം | നെയ്യ്, പൂവ്, തിരി പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 1196355 | 1315990 | 131600 |
| 4 | | ചെങ്കല്ലൂർ | പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 910700 | 1001770 | 100180 |
| 5 | | കുശക്കോട് | പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 945000 | 1039500 | 103950 |
| 6 | ഉള്ളൂർ | ഒ.റ്റി.സി ഹനുമാൻ | പൂജാ ദ്രവ്യങ്ങൾ, വെറ്റില മാല, നാരങ്ങാമാല മുതലായവ വിൽക്കുന്നതിനുള്ള അവകാശം | 5550000 | 6105000 | 610500 |
| 7 | | പേരൂർ | പൂജാ ദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 1655000 | 1820500 | 182050 |
| 8 | | ശാസ്തമംഗലം | പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 495000 | 544500 | 54450 |
| 9 | വർക്കല | ശാർക്കര | പൂജാ ദ്രവ്യങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 1717000 | 1888700 | 188870 |
| 10 | കൊല്ലം | തൃക്കടവൂർ | പൂജാ സാധനങ്ങൾ വിൽക്കുന്നതിനുള്ള അവകാശം | 1537555 | 1691311 | 169140 |

2025-2026 സാമ്പത്തിക വർഷത്തെ കുത്തക ലേലം. പൂജാ സാധനങ്ങൾ ഒഴികെയുള്ളവ - 5 ലക്ഷത്തിന് മുകളിൽ ഇ-ടെൻഡർ

| നം. | ഗ്രൂപ്പ് | ദേവസ്വം | ഇനം | കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ലേലം പോയ ഉയർന്ന തുക | തൻവർഷത്തെ അടിസ്ഥാന ലേല തുക | ഇ.എം.ഡി തുക |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | ശ്രീകണ്ഠേശ്വരം | വാടാവിളക്ക് എണ്ണ വിൽക്കുവാനുള്ള അവകാശം | 1761600 | 1937760 | 193800 |
| 2 | വർക്കല | ശാർക്കര | കുറ്റിവെടി വഴിപാട് | 1099750 | 1209725 | 120980 |
| | കൊല്ലം | തൃക്കടവൂർ | പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം | 1585600 | 1744160 | 174420 |
| | | മുഖത്തല | പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം | 867777 | 954555 | 95500 |
| | | തിരുമുല്ലവാരം | പൂമാലകെട്ടി വിൽക്കുന്നതിനുള്ള അവകാശം | 530000 | 583000 | 58300 |

ടി ലേലങ്ങൾ സംബന്ധിച്ചും പൊതു വിജ്ഞാപനം / സ്പെഷ്യൽ നിബന്ധന എന്നിവ സംബന്ധിച്ചുമുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ www.travancore devaswom board-or-www.e.tenders, kerala.gov.in- വെബ്സൈറ്റ് വഴിയോ, തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസിൽ നിന്നോ, അറിയുവാൻ കഴിയുന്നതാണ്. ലേലം സ്ഥിരപ്പെടുത്തുന്നതും, നിരാകരിയ്ക്കുന്നതും

ഡിപ്പാർട്ടമെന്റിന്റെ യുക്തംപോലെ ആയിരിയ്ക്കുന്നതും, ലേലവ്യവസ്ഥകൾ ഡിപ്പാർട്ട്മെന്റ് തീരുമാനിയ്ക്കുന്നതുമാണ്. 01.03.2025–ാം തീയതി ഉച്ചയ്ക്ക് 12.30 .മണിയ്ക്ക് തിരുവനന്തപുരം ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസിൽ വച്ച് നടപടി സ്വീകരിയ്ക്കുന്നതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർ ആഫീസ്, തിരുവനന്തപുരം – 0471 – 2464022.
ദേവസ്വം കമ്മീഷ്ണർ ആഫീസ് – 0471– – 2315156.

വിശ്വസ്തതയോടെ,

പി. ജയറാം പരമേശ്വരൻ,
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
തിരുവനന്തപുരം.

**22.02.2025 ഉച്ചയ്ക്ക് 12.30 മണി മുതൽ 28.02.2025 ഉച്ചയ്ക്ക് 12.30 മണി വരെ**
**ഇ ടെന്റർ ഓപ്പണിംഗ് – 01.03.2025 ഉച്ചയ്ക്ക് 12.30 മണിയ്ക്ക്.**